**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 240** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സൗജന്യ റേഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** മഴക്കെടുതി മൂലം ദുരിതമനുഭവിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മഴക്കെടുതി, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള പ്രത്യേക സാഹചര്യങ്ങളിൽ, ആവശ്യകത പരിഗണിച്ച് സൗജന്യ റേഷൻ അനുവദിക്കാറുണ്ട്.

**(ബി)** നോൺ പ്രയോറിറ്റി സബ്സിഡി (എൻ.പി.എസ്.) വിഭാഗക്കാർക്ക് മുൻ സർക്കാർ അനുവദിച്ചിരുന്ന സ്പെഷ്യൽ അരിയ്ക്കുള്ള സബ്സിഡി നിർത്തലാക്കിയത് പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** നോൺ പ്രയോറിറ്റി സബ്സിഡി വിഭാഗക്കാർക്ക് ടൈഡ് ഓവർ വിഹിതത്തിൽ നീക്കിയിരിപ്പ് ഉള്ളപ്പോൾ മാത്രം അനുവദിച്ചിരുന്ന സ്പെഷ്യൽ വിഹിതത്തിന് പ്രത്യേക സബ്സിഡി നൽകിയിട്ടില്ല. NPNS വിഭാഗത്തിന് നൽകിയിരുന്ന 10 രൂപ 90 പൈസ നിരക്കിൽ തന്നെയാണ് NPS വിഭാഗത്തിന് സ്പെഷ്യൽ അരി അനുവദിച്ചിരുന്നത്. NFSA പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി റേഷൻ എല്ലാ കുടുബങ്ങൾക്കും നൽകുന്നുണ്ട്.

**(സി)** അന്ത്യോദയ അന്ന യോജന (എ.എ.വൈ.) കാർഡുടമകൾക്ക് നൽകിയിരുന്ന പഞ്ചസാര വിതരണം പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നത് സംബന്ധിച്ച വിവരം വ്യക്തമാക്കാമോ?

**<u>മറുപടി:</u>** AAY റേഷൻ കാർഡുടമകൾക്ക് 2026 മാർച്ച് മാസം വരെ കേന്ദ്ര സർക്കാർ പഞ്ചസാര അനുവദിച്ചിരുന്നു. എന്നാൽ 2026 ഏപ്രിൽ മാസം മുതൽ പഞ്ചസാരയുടെ പുതിയ അലോട്ട്മെന്റ് ലഭ്യമായിട്ടില്ലാത്തതിനാൽ, പഞ്ചസാരയുടെ അലോട്ട്മെന്റ് പുനഃസ്ഥാപിച്ച് അനുവദിച്ചുതരണമെന്ന് അഭ്യർത്ഥിച്ച് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**